# <u>സംഗ്രഹം</u>

1. തിരുവനന്തപുരം ജില്ലയുടെ തീരദേശ നിയന്ത്രണ മേഖല സംബന്ധിച്ച ഭൂപടം തയ്യാറാക്കിയിരിക്കുന്നത് 1:25000 സ്കെയിലിൽ 9 ഷീറ്റുകളിലായി 01,02,03,04, 05, 06, 07, 08, 10എന്നീ നമ്പരുകളിൽ ഉൾപ്പെടുത്തിയാണ്.
2. 23 ഗ്രാമ പഞ്ചായത്തുകളും (അഞ്ചുതെങ്ങ്, ഇടവ, വക്കം, വെട്ടൂർ, അഴൂർ, ചെറുന്നിയൂർ, ചിറയിൻകീഴ്, കടയ്ക്കാവൂർ, കഠിനംകുളം, കിഴുവിലം, മണമ്പൂർ, മംഗലപുരം, ഒറ്റൂർ, അണ്ടൂർക്കോണം, വെങ്ങാനൂർ, ഇലങ്കമൺ, ചെങ്കൽ, കാരോട്, കരുംകുളം, കോട്ടുകൽ, കുളത്തൂർ, പൂവാർ, തിരുപുറം), വർക്കല, ആറ്റിങ്ങൽ എന്നീ മുനിസിപ്പാലിറ്റികളും തിരുവനന്തപരും കോർപ്പറേഷനും തീരദേശ നിയന്ത്രണ മേഖലയുടെ പരിധിയിൽ വരുന്നു.
3. തിരുവനന്തപുരം ജില്ലയിലെ തീരദേശ നിയന്ത്രണ മേഖലകൾ CRZ I (CRZ IA, CRZ IB), CRZ II, CRZ III, (CRZ IIIA, CRZ IIIB ) CRZ IVA, CRZ IVB എന്നിവ ഉൾപ്പെട്ടതാണ്.
4. CRZ III നെ രണ്ടായി തരം തിരിച്ചിട്ടുണ്ട്. 1. CRZ IIIA യും 2. CRZ IIIB യും

   2011 ലെ ജനസംഖ്യ സാന്ദ്രത കണക്കിലെടുത്ത് ഒരു ചതുരശ്ര കിലോമീറ്ററിൽ 2161 പേരോ അതിൽ കൂടുതലോ ഉള്ള പ്രദേശങ്ങളെ CRZ IIIA എന്ന വിഭാഗത്തിലും അതിൽക്കുറഞ്ഞ ജനസംഖ്യയുള്ള പ്രദേശങ്ങളെ CRZ IIIB വിഭാഗത്തിലും ഉൾപ്പെടുത്തിയിരിക്കുന്നു. കായലുകൾക്ക് പുഴയുടെയോ തോടിന്റെയോ വീതി ഇല്ലെങ്കിലും അവയുടെ കരഭാഗത്തെ വികസന നിഷിദ്ധ മേഖല 2011 ലെ വിജ്ഞാപനത്തിൽ 100 മീറ്ററായിരുന്നത് 2019 ലെ വിജ്ഞാപനത്തിൽ 50 മീറ്ററായി മാറ്റിയിട്ടുണ്ട്. കൂടാതെ കായൽ ദ്വീപുകളെ സംബന്ധിച്ച് 2011 ലെ വിജ്ഞാപനത്തിൽ വികസന നിഷിദ്ധ മേഖല 50 മീറ്ററായിരുന്നത് 2019 ലെ വിജ്ഞാപനപ്രകാരം 20 മീറ്ററാക്കുകയും CRZ IIIA യിൽ 2011 ലെ വിജ്ഞാപനപ്രകാരം വികസന നിഷിദ്ധ മേഖല 200 മീറ്ററായിരുന്നത് 2019 ലെ വിജ്ഞാപനപ്രകാരം 50 മീറ്ററായി ഇളവ് ചെയ്തിട്ടുണ്ട്.
5. സർക്കാർ ഭൂമിയിലെ 1000 ചതുരശ്ര മീറ്റർ മാത്രം വിസ്തീർണ്ണമുള്ള കണ്ടൽ കാടുകൾക്ക് ചുറ്റുമായി 50 മീറ്റർ ബഫർ മേഖലയായിരിക്കും. സ്വകാര്യ

വ്യക്തികളുടെ ഉടമസ്ഥതയിലുള്ള കണ്ടൽക്കാടുകൾക്ക് ചുറ്റുമുള്ള ബഫർ ഏരിയ നീക്കം ചെയ്തിട്ടുണ്ട്.

6. തീരദേശ നിയന്ത്രണ മേഖലയുടെ പരിധിയിൽ വരുന്ന വേലിയേറ്റ രേഖയുടെ നീളം 73.92 കി. മീറ്റർ ആണ്.

7. CRZ II- ൽ ഉൾപ്പെടുന്ന കരപ്രദേശങ്ങളുടെ ആകെ വിസ്തീർണ്ണം 22.27 (18.39+3.88km$^2$) ചതുരശ്ര കി. മീ ആണ്.
8. തിരുവനന്തപുരം ജില്ലയിലെ വേലിയേറ്റ വേലിയിറക്ക സ്വാധീനം അനുഭവപ്പെടുന്ന നദികളോടും വേലിയേറ്റ ജലപ്രവാഹം സ്വാധീനിക്കുന്നതും പോഷക കൈവഴികളോടും ചേർന്ന് കിടക്കുന്ന (CRZ III) വികസന നിയന്ത്രണ മേഖല (NDZ) യുടെ ആകെ വിസ്തീർണ്ണം 5.49 ചതുരശ്ര കി. മീ ആണ്.
9. കടൽത്തീരത്തോട് ചേർന്ന് കിടക്കുന്ന (CRZ III) വികസന നിയന്ത്രണ മേഖല (NDZ)യുടെ ആകെ വിസ്തീർണ്ണം 1.61 ചതുരശ്ര കി. മീ ആണ്.
10. തീരദേശ നിയന്ത്രണ രേഖയുടെ 50 മീറ്ററിനും 500 മീറ്ററിനും ഇടയിലുള്ള CRZ IIIA മേഖലയുടെ ആകെ വിസ്തീർണ്ണം 12.62 ചതുരശ്ര കി. മീ ആണ്.